


# തകരാത്ത വിശ്വാസം

(മത്തായി 15:21 – 28; ഫിലി. 4:4 – 23)

ബ്ര. ജെറിൻ കുര്യളാനിക്കൽ MCBS

Vol. 11, Issue: 20

**ഈ**ശോയിൽ സ്നേഹം നിറഞ്ഞവരേ,

പലവിധ രോഗങ്ങളാലും വേദനകളാലും അസ്വസ്ഥരായി തന്റെ പക്കലേയ്ക്ക് വന്നവരോട് അനുകമ്പ തോന്നി അവർക്ക് സൗഖ്യവും ആശ്വാസവും നൽകുന്ന ക്രിസ്തുവിന്റെ ചിത്രം മനസ്സിൽ പേറിനടക്കുന്ന വിശ്വാസികളായ നമ്മെ അൽപമെങ്കിലും നിരാശപ്പെടുത്തുന്ന ഒരു തിരുവചന ഭാഗമാണ് ഏലിയാ–സ്ലീവാ–മൂശാക്കാലം 5–ാം ഞായറാഴ്ചയായ ഇന്ന് നാം വായിച്ചുകേട്ട വചനഭാഗം – കാനാൻകാരിയായ ഒരു സ്ത്രീയുടെ വിശ്വാസം. നമ്മുടെ ജീവിതത്തിൽ വേദനകളുണ്ടാകുമ്പോൾ, നാം ഒറ്റയ്ക്കാകുമ്പോൾ നമ്മുടെ ഏക ആശ്രയം ദൈവമാണ്. ഇതുപോലെ തന്റെ മകളെ ക്രിസ്തുവിനല്ലാതെ മറ്റാർക്കും സുഖപ്പെടുത്താൻ സാധിക്കില്ല എന്ന തിരിച്ചറിവിൽ നിന്നാണ് കാനാൻകാരി സ്ത്രീ ക്രിസ്തുവിനെ സമീപിക്കുക. എന്നാൽ, വചനത്തിൽ നാം കാണുന്നു, ക്രിസ്തു ഇവിടെ ആ സ്ത്രീയെ പരിഗണിക്കുന്നില്ല എന്നു മാത്രമല്ല, അവളെ താഴ്ത്തിക്കെട്ടുകയും അധിക്ഷേപിക്കുകയുമാണ്.

ഉൽ. 32:22–30 വരെയുള്ള വാക്യങ്ങളിൽ പൂർവ്വപിതാവായ യാക്കോബ്, രാത്രി മുഴുവനും ഒരു അപരിചിതവ്യക്തിയുമായി മൽപ്പിടുത്തം നടത്തുകയും ഒടുവിൽ ആ വ്യക്തി ഒരു ദിവ്യനാണെന്ന് തിരിച്ചറിയുമ്പോൾ യാക്കോബ് ആ വ്യക്തിയെ വട്ടംപിടിച്ച് അനുഗ്രഹം ചോദിച്ചു വാങ്ങുകയും ചെയ്യുന്നതായി നാം കാണുന്നുണ്ട്. ദൈവകൃപയുടെ പിന്നാമ്പുറങ്ങളിൽ ഒരു മൽപ്പിടുത്ത ചരിത്രമുണ്ട്. ദൈവവുമായി ഒരു മൽപ്പിടുത്തം നടത്തുന്നവരിലേയ്ക്ക് ദൈവകൃപയുടെ നീർച്ചാൽ ഒഴുക്കും. അനുഗ്രഹങ്ങൾ വർഷിക്കുമെന്നുള്ളതിന് വ്യക്തമായ ഉദാഹരണങ്ങളാണ് പഴയനിയമത്തിലെ യാക്കോബും പുതിയനിയമത്തിലെ കാനാൻ കാരി സ്ത്രീയും. നാം ഇന്ന് വായിച്ചുകേട്ട വചനത്തിലൂടെ ക്രിസ്തു പറയുക, അവഗണനയുടെ കഥയല്ല. മറിച്ച്, അനുഗ്രഹത്തിനായി നീ നിന്റെ ദൈവവുമായി ഒരു മൽപ്പിടുത്തം നടത്തണമെന്ന്. അതിലുപരി ആഴമായ വിശ്വാസവും ക്ഷമയും നിന്റെ ജീവിതത്തിൽ ഉണ്ടാകണമെന്ന്.

നമ്മളൊക്കെ നമ്മുടെ ചില ആവശ്യങ്ങൾക്കുവേണ്ടി ദൈവവുമായി മൽപ്പിടുത്തം നടത്താ

റുണ്ട്. മുടങ്ങാതെ വിശുദ്ധ ബലിയിൽ പങ്കെടുത്തിട്ടും ദൈവത്തോടും സഭയോടും ചേർന്നുനിന്നിട്ടും കുടുംബപ്രാർത്ഥനകൾ മുടങ്ങാതെ ചൊല്ലിയിട്ടും ജീവിതത്തിൽ എപ്പോഴും ദുരിതങ്ങൾ ഉണ്ടാകുമ്പോൾ നാം ദൈവത്തോട് പരാതിപ്പെടാറുണ്ട്, എന്തേ ദൈവമേ, നിന്നെ ഇത്രയും സ്നേഹിച്ചിട്ടും നീ എനിക്ക് ദുരിതങ്ങൾ മാത്രം തരുന്നു? ഇതിനുള്ള ഉത്തരം ഉൽപത്തി പുസ്തകത്തിൽ നിന്നും നമുക്ക് ലഭിക്കുന്നുണ്ട്.

ഉൽപത്തി പുസ്തകത്തിൽ അബ്രാഹം എന്ന വ്യക്തിയെ അവതരിപ്പിക്കുന്നുണ്ട്. ദൈവത്തിനു വിധേയപ്പെട്ട് പ്രാർത്ഥനയിൽ കഴിഞ്ഞിരുന്ന അവർക്ക് മക്കളെ നൽകിയിരുന്നില്ല. സ്വന്തമായി ഒരു മകൻ പോലുമില്ലാതിരുന്ന അബ്രാഹത്തെ വിളിച്ച് ദൈവം അരുൾചെയ്തു: “അബ്രാം, ഞാൻ കാണിച്ചുതരുന്ന ദേശത്തേയ്ക്ക് പോവുക. ഞാൻ നിന്നെ ഒരു വലിയ ജനതയാക്കും.” മനുഷ്യദൃഷ്ടിയിൽ അസാധ്യമായ കാര്യം. പിന്നീട് അബ്രാഹാമിന്റെ നൂറാം വയസ്സിൽ ദൈവം അവനോട് പറയുകയാണ്: “ഞാൻ നിനക്ക് ഒരു മകനെ നൽകും” അബ്രാഹം ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ചു. അവന്റെ വിശ്വാസത്തിന് ദൈവം പ്രതിഫലം നൽകി - ഒരു മകൻ.

പ്രാർത്ഥിച്ചു കിട്ടിയ മകനെ സ്നേഹിച്ചുതീരുന്നതിനു മുമ്പ് ദൈവം അബ്രാഹത്തോട് ആവശ്യപ്പെട്ടു; “നിന്റെ ഏകമകനെ എനിക്ക് ബലിയർപ്പിക്കുക.” എന്നാൽ, ദൈവത്തോട് തെല്ലും മറുതലിക്കാതെ അബ്രാഹം തന്റെ ഏകമകനെ ബലികഴിക്കാൻ മോറിയാ മലയിലേയ്ക്ക് പോകുന്നു. അബ്രഹാം ‘വിശ്വാസികളുടെ പിതാവ്’ എന്നാണ് അറിയപ്പെടുന്നത്. വെറും വിശ്വാസി ആയിരുന്നതുകൊണ്ടല്ല മറിച്ച്, അവന്റെ വിശ്വാസം പരീക്ഷിക്കപ്പെട്ടിട്ടും അബ്രാഹം ദൈവത്തെ തെല്ലും അവിശ്വസിച്ചില്ല എന്നതിനാലാണ് അബ്രഹാം വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്നത്.

പ്രിയമുള്ളവരേ, ഇതുപോലെ വിശ്വാസികളായ നമ്മുടെ ജീവിതങ്ങളിൽ പ്രതിസന്ധികളുണ്ടാകും, ദൈവം നമ്മെയും പരീക്ഷിക്കും. സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ടപ്പോഴും, ശരീരങ്ങൾ വ്രണങ്ങളാൽ നിറഞ്ഞപ്പോഴും, സ്വന്തം ഭാര്യ പോലും തന്നെ പഴിച്ചപ്പോഴും ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ച ജോബ് പ്രതീക്ഷ കൈവിടാതെയുള്ള വിശ്വാസത്തിന് ഉത്തമോദാഹരണമാണ്. വേദനയുടെ നിമിഷങ്ങളിലും അബ്രാഹത്തിനെപ്പോലെ, ജോബിനെപ്പോലെ ആഴത്തിൽ വിശ്വസിക്കാൻ നമുക്കാ വണം.

അബ്രാഹത്തിന്റെ വിശ്വാസത്തെപ്പറ്റി പൗലോസ് ശ്ലീഹാ ഇങ്ങനെയാണ് പറഞ്ഞുവയ്ക്കുക (റോമ 4:18): “പ്രതീക്ഷയ്ക്ക് വകയില്ലാതിരുന്നിട്ടും പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു.” പ്രിയമുള്ളവരേ, മാനുഷികമായ എല്ലാ പ്രതീക്ഷകളും അസ്തമിക്കുമ്പോഴും ദൈവത്തിൽ വിശ്വസിക്കാൻ സാധിച്ചാൽ അവിടുന്ന് നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമരുളും. മാനുഷികയുക്തിയിൽ നിർവചിക്കുവാൻ സാധിക്കാത്ത അത്ഭുതങ്ങൾ ദൈവം നിന്റെ ജീവിതത്തിൽ പ്രവർത്തിക്കും. വി. അഗസ്തീനോസ് ഇങ്ങനെ പറയുന്നു: “അൽപം വിശ്വാസം നിങ്ങളുടെ ആത്മാവിനെ സ്വർഗ്ഗത്തിലെത്തിക്കും. എന്നാൽ, സ്ഥിരതയാർന്ന വിശ്വാസം സ്വർഗ്ഗത്തെ നിങ്ങളുടെ ആത്മാവിൽ എത്തിക്കും.”

പരീക്ഷണങ്ങളുടെയും ദുരിതങ്ങളുടെയും നടുവിലും സ്വർഗ്ഗത്തെ നമ്മുടെ ആത്മാവിലെത്തിക്കുന്ന വിശ്വാസത്തോടെ നമുക്ക് നിലകൊള്ളാം. വിശുദ്ധ ബലിയുടെ നിമിഷങ്ങളിൽ നമുക്ക് വിശ്വാസത്തോടെ പ്രാർത്ഥിക്കാം. വി. ഹെന്റി ന്യൂമാൻ ഇങ്ങനെ പറയുന്നു: “വി. ബലിയിൽ എന്നപോലെ ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്ന മറ്റൊരു സ്ഥലമില്ല.” നമുക്ക് യാക്കോബിന്റെ മൽപ്പിടുത്ത ശൈലിയോടെ, അബ്രാഹത്തിന്റെയും, കാനാൻകാരിയുടെയും വിശ്വാസത്തോടെ എല്ലാ നിയോഗങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കാം.

ഈ വിശുദ്ധ ബലിയിൽ നാം വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ഉറ്റവരുടെ രോഗങ്ങൾ സൗഖ്യമാക്കപ്പെടും, കുടുംബങ്ങളിൽ ശാന്തിയുണ്ടാകും, സുഹൃത്തുക്കളുടെ വേദനകൾ മാറ്റപ്പെടും, ബന്ധനങ്ങൾ തകർക്കപ്പെടും, മനുഷ്യന് വിശ്വസിക്കാൻ സാധിക്കാത്ത അത്ഭുതങ്ങൾ നമ്മിൽ നടക്കും.